**വ്യക്തിപരമായ വിശദീകരണം**

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് അനുമതി ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഉന്നയിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. നേരത്തെ ശ്രീമതി വീണാ ജോർജ്ജും ശ്രീ. എം. സ്വരാജും എന്റെ പ്രസംഗം വളരെ മോശമായി പോയെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെ വിഷമിച്ചിരിക്കുകയായിരുന്നു. കാരണം, അവരെ രണ്ടുപേരെയുമാണ് എന്റെ പ്രസംഗം മാർക്കിടാൻവേണ്ടി ഏൽപ്പിച്ചത്. അതിനുശേഷം ശ്രീ. എം. സ്വരാജും, ശ്രീ. ജെയിംസ് മാത്യുവും പ്രമേയാവതാരകന് എതിരായിതന്നെ ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ എനിക്ക് മനസ്സിലായി എന്റെ പ്രസംഗം അത്ര മോശമായിരുന്നില്ല, കുറച്ചുകൂടി നന്നായിട്ടുണ്ടെന്ന്. കാരണം, കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ച ഒരു പ്രമേയാവതാരകന് എതിരായിട്ടും ആരോപണം ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട ജെയിംസ് മാത്യു ഒരു സി.ഡി. വച്ചു. അത് ഞാൻ ഫേയ്സ് ബുക്കിൽ ഇട്ട സി.ഡി. ആണ്. UK-യിലെ Birmingham-ൽ climate resilience-നെ

സംബന്ധിച്ച ഒരു വലിയ സെമിനാറിൽ സംസാരിക്കാനായി എന്നെ ഗസ്റ്റായി ക്ഷണിച്ചിരുന്നു. ഞാൻ അവിടെ നടത്തിയ പ്രസംഗത്തിന്റെ സി.ഡി.യാണ് അദ്ദേഹം പറയുന്നത്. അത് ഞാൻ എന്റെ ഫേയ്സ് ബുക്ക് പോസ്റ്റിലിട്ടിരുന്നതാണ്. യുണൈറ്റഡ് നേഷൻസ് ഉൾപ്പെടെ ധാരാളം സ്ഥലങ്ങളിൽ പോയി സംസാരിച്ചിട്ടുണ്ട്. ഞാൻ വിദേശ രാജ്യത്ത് പോയി ഒരിടത്തും എന്റെ പുനർജനി പദ്ധതിക്കുവേണ്ടി ഒരു രൂപ പോലും പിരിച്ചിട്ടില്ല. ഒരു വീടും നിർമ്മിച്ചിട്ടില്ല. ഞങ്ങൾ 200-ഓളം വീടുകൾ വച്ചുകൊണ്ടിരിക്കുകയാണ്. അതിൽ 37 വീടുകൾ വിദേശത്തുള്ള മലയാളികളായ ആളുകളാണ് നൽകിയത്. ഡോ. ആസാദ് മൂപ്പൻ എനിക്ക് 25 വീടുകൾ തന്നു. ബഹുമാനപ്പെട്ട സ്പീക്കർ പങ്കെടുത്ത പരിപാടിയിൽ വച്ചാണ് അദ്ദേഹം അത് പ്രഖ്യാപിച്ചത്. ഗൾഫാർ മുഹമ്മദാലി അദ്ദേഹം എനിക്ക് അഞ്ച് വീടുകൾ നൽകിയിട്ടുണ്ട്. 5 വീടുകൾ കൂടി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഒ.എ.സി.സി.യുടെ അയർലന്റിലെ കമ്മിറ്റി അവിടെ വീട് പണിത് നൽകിയിട്ടുണ്ട്. 37 വീടുകൾ അവർതന്നെ നിർമ്മിച്ച് ഞാൻ നൽകിയ ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ട്. ഞാൻ അതിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ ആദ്യംമുതൽ അവസാനം വരെ നോക്കി നിന്നു. നല്ല മനോഹരമായി വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഡോ. ആസാദ് മൂപ്പൻ നൽകിയ വീടിന്റെ താക്കോൽ കൊടുത്തത് മുഖ്യമന്ത്രിയാണ്. ഞാൻ സംസാരിക്കുമ്പോൾ ശ്രീ. ജെയിംസ് മാത്യു ബഹളം ഉണ്ടാക്കുന്നത് എന്തിനാണ്? ഞാൻ എം.എൽ.എ. ആയിട്ടിരുന്ന ഒറ്റ തവണ 81 പ്രാവശ്യം വിദേശയാത്ര നടത്തിയെന്ന് പറഞ്ഞു. എന്തെങ്കിലും ആരെങ്കിലും എഴുതിത്തന്നിട്ട് ശ്രീ. ജെയിംസ് മാത്യുവിനെപോലൊരു അംഗം മറ്റൊരു എം.എൽ.എ.യ്ക്ക് എതിരെ ഉത്തരവാദിത്വമില്ലാതെ ആരോപണം ഉന്നയിക്കുകയാണ്. എന്റെ ജീവിതകാലം മുഴുവൻ നോക്കിയാൽപോലും ഇതിന്റെ പകുതി വിദേശയാത്ര പോലും നടത്തിയിട്ടില്ല. എന്റെ എല്ലാ പാസ്പോർട്ടും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ഏൽപ്പിക്കാം. എന്നിട്ട് ഈ പുനർജനി പദ്ധതി, എഫ്.സി.ആർ.എ. അക്കൗണ്ട് തുടങ്ങിയവ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് അറിഞ്ഞുകൂടെങ്കിൽ ഞാൻ പറഞ്ഞുതരാം. എഫ്.സി.ആർ.എ. അക്കൗണ്ട് എന്താണെന്നുള്ളത് ഞാൻ കാണിച്ചുതരാം. നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ എന്റെ പുനർജനി പദ്ധതിയെ സംബന്ധിച്ച്

മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം നടത്തിക്കോട്ടെ. കേരളത്തിൽ റീ-ബിൽഡ് പ്രവർത്തനം ഒരു നിയോജകമണ്ഡലത്തിൽ എങ്ങനെയാണ് നടത്തുന്നതെന്നത് സംബന്ധിച്ച് നല്ലൊരു റിപ്പോർട്ട് വിജിലൻസ് അങ്ങേയ്ക്ക് എഴുതി തരും. അക്കാര്യത്തിൽ എനിക്ക് ആത്മവിശ്വാസം ഉണ്ട്. വെറുതെ ഇങ്ങനെ പച്ചക്കള്ളം ആവശ്യമില്ലാതെ പറഞ്ഞുനടക്കല്ലേ. ഇത് അനാവശ്യമായി അടിസ്ഥാനരഹിതമായി അവിശ്വാസ പ്രമേയം ഉന്നയിക്കാൻവേണ്ടി പ്രമേയാവതാരകൻ എന്നുള്ള നിലയിൽ യു.ഡി.എഫ്. എന്റെ പാർട്ടി......

ശ്രീ. ജെയിംസ് മാത്യു: സർ,....

ശ്രീ. വി. ഡി. സതീശൻ: സർ, You please sit down. I am on my legs. Who are you. You sit down. I am on my legs, Let me complete, let me conclude. You sit down. You don't have any rights. Why are you standing there. Let me complete. What is this?

മി. സ്പീക്കർ: അങ്ങ് അങ്ങോട്ട് ചോദിക്കണ്ട. ശ്രീ. ജെയിംസ്.... You please finish. ശ്രീ. വി. ഡി. സതീശൻ അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കു.

അങ്ങ് വിശദീകരിച്ചു കഴിഞ്ഞല്ലോ.

Shri V. D. Satheesan: Sir, Let me complete my last sentence. അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ എനിക്ക് തന്നത് ഒരു പൊളിറ്റിക്കൽ അസൈൻമെന്റാണ്. എന്റെ പാർട്ടി, യു.ഡി.എഫ്. എനിക്ക് തന്ന പൊളിറ്റിക്കൽ അസൈൻമെന്റാണ്. അതിന്റെ പേരിൽ ആരോപണം ഉന്നയിച്ച് പിൻവലിപ്പിക്കാമെന്ന് കരുതിയാൽ വെറുതെയിരുന്നാൽ മതി. അത് കയ്യിൽ വച്ചാൽ മതി.